LIBRARY ARCHIVES Kerala Legislative Assembly

വിഭാഗക്കാർക്ക് കുടിശ്ശിക ഇകയ്ക്ക് ഈടാക്കിവരുന്ന പിഴപ്പലിശ പൂർണ്ണമായും, മുടക്കപ്പലിശയിൽ 70 ശതമാനവും ബാക്കി നിൽക്കുന്ന മുതലിന്റെ 5 ശതമാനം ഇളവും ലഭിക്കുന്നതാണ്. HIG വിഭാഗത്തിന് മുടക്കപ്പലിശ 50%, പിഴപ്പലിശ 100% ബാക്കി നിൽപ്പുതുകയിൽ 5% ഇളവും ലഭിക്കുന്നതാണ്. റവന്യൂ റിക്കവറി നടപടി നേരിടുന്ന ഗുണഭോക്താക്കൾക്കും പ്രസ്തുത ഇളവ് കൂടാതെ കളക്ഷൻ ചാർജ്ജ് ഇനത്തിലും ഇളവുണ്ട്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ തുക ഒന്നായോ, ഗഡുക്കളായോ അടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യുകയോ കുടിശ്ശിക തീർക്കുകയോ ചെയ്യാവുന്നതാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം റീഫണ്ട് അനുവദിക്കുന്നതല്ല. ബോർഡ് ജീവനക്കാർക്ക് ആനുകൂല്യങ്ങളോടുകൂടി അനുവദിച്ചിട്ടുള്ള അലോട്ട്മെന്റുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ബാധകമല്ല. വായ്പാ കുടിശ്ശിക സംബന്ധിച്ച് ബോർഡിനോ ഗവൺമെന്റിനോ എതിരായി കേസ് ഫയൽ ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ പ്രസ്തുത കേസിന്റെ വിധിയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ കേസ് പിൻവലിച്ച ശേഷമോ തീരുമാനമെടുക്കുന്നതാണ്.

(ഇ) 7-2-2004 മുതൽ 30-6-2014 വരെ സംസ്ഥാനത്ത് 69400 പേർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങളുടെ വികസനം

158 (7994) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈറ്റ/മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത വ്യവസായവുമായി ബന്ധപ്പെട്ട് നിൽക്കുന്ന തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെക്കാൾ കുറഞ്ഞ വേതനവും ആനുകൂല്യങ്ങളും, സൗകര്യങ്ങളുമാണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ഡി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തിയില്ലെങ്കിൽ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടാകുമെന്നത് കണക്കിലെടുത്തും പ്രസ്തുത വ്യവസായത്തിന്റെ നിലനില്പ് കണക്കിലെടുത്തും ശക്തമായ നവീകരണ പരിപാടികൾ നടപ്പിലാക്കുമോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഈറ്റ/മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം ലക്ഷ്യമാക്കി കേരള ബാംബു കോർപ്പറേഷൻ വഴി കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. തൊഴിലാളികൾക്ക് പി.എഫ്. ആനുകൂല്യം നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള മിനിമം വേതനം പദ്ധതിയുടെ ഭാഗമായി ഈ മേഖലയിലെ തൊഴിലാളികൾക്ക് കോർപ്പറേഷൻ 2013 മേയ് മുതൽ ഡി.എ. ആനുകൂല്യം നൽകിവരുന്നു. കോർപ്പറേഷന്റെ ഈറ്റവെട്ട്/കയറ്റിയിറക്ക്/ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്ര തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് കോർപ്പറേഷൻ കാലാകാലങ്ങളായി ഇൻഷുറൻസ് പരിരക്ഷ നൽകിവരുന്നു. കൂടാതെ കോർപ്പറേഷൻ നേരിട്ട് നൽകുന്ന വിദ്യാഭ്യാസം, മെഡിക്കൽ, മരണാനന്തര സഹായം എന്നീ ക്ഷേമാശ്വാസങ്ങൾക്കു പുറമേ ഈ വിഭാഗം തൊഴിലാളികളെ സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന KBKPWW-ൽ അംഗങ്ങളാക്കുകയും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കേരള ബാംബു മിഷന്റെ കീഴിൽ വിപണന ശൃംഖല വർദ്ധിപ്പിക്കുവാൻ വേണ്ടി ഇന്ത്യയിൽ അറിയപ്പെടുന്ന മേളകളിൽ പങ്കെടുക്കുകയും കേരളത്തിൽ തന്നെ വർഷംതോറും അന്താരാഷ്ട്ര നിലവാരത്തിൽ കേരള ബാംബു ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്യുന്നു. കരകൗശലക്കാർക്ക് കഴിവ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ അസംസ്കൃത വസ്തു ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബു മിഷന്റെ സഹായത്തോടെ വനം വകുപ്പുമായി സഹകരിച്ച് മുളയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പൊതുഫണ്ടിൽനിന്നും റിയാബ് വഴി 170 ലക്ഷം രൂപയും ഹാന്റിക്രാഫ്റ്റ് സെക്ടറിൽ നിന്നും ജില്ലാ വ്യവസായ കേന്ദ്രം വഴി 80 ലക്ഷം രൂപയും ഉൾപ്പെടെ 2.5 കോടി രൂപ ബാംബു കോർപ്പറേഷനുവേണ്ടി നീക്കിവച്ചിട്ടുണ്ട്.

(സി) ഇല്ല. സംസ്ഥാന ബാംബു കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ തൊഴിലാളികൾക്ക് രണ്ട് വർഷത്തിനുള്ളിൽ 20% വേതന വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2011-ൽ പ്രഖ്യാപിച്ച മിനിമം വേതനം ഇവർക്ക് നടപ്പിലാക്കിയിട്ടുണ്ട്. ഇതോടെ ഒരു ശരാശരി സ്ത്രീ തൊഴിലാളിക്ക് അവർ ചെയ്യുന്ന ജോലിക്ക് അനുസൃതമായി ഇരുന്നൂറ്റി മുപ്പതോ അതിൽ കൂടുതലോ രൂപ പ്രതിദിനം ലഭിക്കുന്നുണ്ട്.

(ഡി) ബാംബൂ കോർപ്പറേഷന് കീഴിലെ തൊഴിലാളികളുടെ ജോലിഭാരം ലഘൂകരിക്കുന്നതോടൊപ്പം കൂടുതൽ ഉൽപ്പാദനക്ഷമത കൈവരുത്തുന്നതിനായി സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ പി.എഫ്., മെഡിക്കൽ, ഇൻഷുറൻസ് പരിരക്ഷ, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവ നൽകിവരുന്നു. അതുപോലെ സൗകര്യപ്രദമായ രീതിയിൽ ഈറ്റ ലഭ്യമാക്കുന്നതിനും പനമ്പ് ശേഖരിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ളവ കൂടാതെ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ എണ്ണം കൂട്ടാനും ലക്ഷ്യമിട്ടിട്ടുണ്ട്.

പരമ്പരാഗത തൊഴിൽമേഖലയെ സംരക്ഷിക്കാൻ നടപടി

159 (7995) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ഉല്പന്നങ്ങളുടെയും അതേ തരത്തിലെ യന്ത്രവത്കൃത ഉല്പന്നങ്ങളുടെയും വില നിലവാരത്തിൽ നില നില്ക്കുന്ന ഭീമമായ അന്തരം പരമ്പരാഗത തൊഴിലിനെ സാരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തൊക്കെ മുൻകരുതലുകളും നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) 2014-15 വർഷത്തിൽ പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് എന്തൊക്കെ പ്രോത്സാഹനം നല്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരമ്പരാഗത കൈത്തറി മേഖലയിൽ പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും അതേ തരത്തിലുള്ള യന്ത്രവത്കൃത ഉൽപ്പന്നങ്ങളുടെയും വിലനിലവാരത്തിൽ നിലനിൽക്കുന്ന അന്തരംമൂലമുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ റിബേറ്റും പ്രൈസ് സബ്സിഡിയും കഴിഞ്ഞാൽ സബ്സിഡിയും ഡൈസ് & കെമിക്കൽ സബ്സിഡിയും നൽകിവരുന്നു. റിസർവേഷൻ ഓഫ് ആർട്ടിക്കിൾ ഫോർ പ്രൊഡക്ഷൻ ആക്ട് പ്രകാരം കൈത്തറിയിൽ മാത്രമേ നിർമ്മിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ള ഇനങ്ങൾ യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ എന്ന്

LIBRARY ARCHIVES Kerala Legislative Assembly